കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 30.10.2026

പ്രസിദ്ധീകരണത്തിന്

പരീക്ഷ വിജ്ഞാപനങ്ങൾ

1. 01.12.2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എം എ /എം എസ് സി /എം കോം /എം എസ് ഡബ്ലിയു /എം ടി ടി എം (റെഗുലർ / സപ്ലിമെന്ററി / ഇമ്പ്രൂവ്മെന്റ് - 2023 മുതൽ 2026 വരെ അഡ്മിഷൻസ്) ഒക്ടോബർ 2026 പരീക്ഷകൾക്ക് **04.11.2026** മുതൽ **10.11.2026** വരെ പിഴയില്ലാതെയും **12.11.2026** വരെ പിഴയോടുകൂടിയും അപേക്ഷ സമർപ്പിക്കാം. പരീക്ഷ വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

2. 11.12.2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും ഒന്നാം സെമസ്റ്റർ ബി. എഡ്. (റെഗുലർ / സപ്ലിമെന്ററി /ഇമ്പ്രൂവ്മെന്റ്) നവംബർ 2026 പരീക്ഷകൾക്ക് 06.11.2026 മുതൽ 11.11.2026 വരെ പിഴയില്ലാതെയും 13.11.2026 വരെ പിഴയോടുകൂടിയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരീക്ഷ വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

പി. ജി. മേഴ്സി ചാൻസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ അവസരം

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ട് , നാല് സെമസ്റ്റർ എം എ /എം എസ് സി /എം കോം /എം എസ് ഡബ്ലിയു /എം ടി ടി എം (2014 മുതൽ 2022 വരെ അഡ്മിഷൻസ്) മേഴ്സി ചാൻസ് ഏപ്രിൽ 2027 പരീക്ഷകൾക്ക് **03.11.2026** മുതൽ **16.11.2026** വരെ പിഴയില്ലാതെയും **18.11.2026** വരെ പിഴയോടുകൂടിയും അപേക്ഷ സമർപ്പിക്കാം. ഒന്ന്, മൂന്ന് സെമസ്റ്റർ പി.ജി. മേഴ്സി ചാൻസ്, ഒക്ടോബർ 2026 പരീക്ഷകൾക്ക് ഇതിനകം അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും റീ-രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതില്ല. പരീക്ഷ വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ് / -
അസിസ്റ്റന്റ് രജിസ്ട്രാർ - 1

പരീക്ഷാവിഭാഗം